പന്ത്രണ്ടാം കേരള നിയമസഭ

# സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതി

# (2006–2008)

## രണ്ടാമത് റിപ്പോർട്ട്

[തിരുവനന്തപുരം എസ്.എ.റ്റി ആശുപത്രിയുടെ പ്രവർത്തനം
മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച് തയ്യാറാക്കിയ
പ്രത്യേക റിപ്പോർട്ട്]

(2007 ജൂൺ മാസം 29-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2007

പന്ത്രണ്ടാം കേരള നിയമസഭ

# സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതി
# (2006–2008)

രണ്ടാമത് റിപ്പോർട്ട്

[തിരുവനന്തപുരം എസ്.എ.റ്റി ആശുപത്രിയുടെ പ്രവർത്തനം
മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച് തയ്യാറാക്കിയ
പ്രത്യേക റിപ്പോർട്ട്]

(2007 ജൂൺ മാസം 29-ാം തീയതി സമർപ്പിച്ചത്)

713/2007.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

# സമിതിയുടെ ഘടന

അദ്ധ്യക്ഷ :

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

അംഗങ്ങൾ :

ശ്രീ. പി. പി. അബ്ദുള്ളകുട്ടി

ശ്രീമതി പി. അയിഷാ പോറ്റി

,, ഇ. എസ്. ബിജി മോൾ

പ്രൊഫ. എൻ. ജയരാജ്

ശ്രീ. കെ. സി. കുഞ്ഞിരാമൻ

ശ്രീമതി കെ. കെ. ലതിക

ശ്രീ. എൻ. ശക്തൻ

ശ്രീമതി കെ. എസ്. സലീഖ

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കെ. ജയകുമാർ, സെക്രട്ടറി

ശ്രീമതി കെ. ആർ. അനന്തലക്ഷ്മി, ജോയിന്റ് സെക്രട്ടറി

ശ്രീ. എം. അബ്ദുൾറാഫി, ഡെപ്യൂട്ടി സെക്രട്ടറി

,, എൻ. ഗോപാലകൃഷ്ണൻ നായർ, അണ്ടർ സെക്രട്ടറി.

# ആമുഖം

സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

തിരുവനന്തപുരം എസ്.എ.റ്റി ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2007 ജൂൺ മാസം 12-ാം തീയതി കൂടിയ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. കെ. ശൈലജ ടീച്ചർ,
അദ്ധ്യക്ഷ,
സ്ത്രീകളുടേയും കുട്ടികളുടേയും
വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതി.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
2007 ജൂൺ 29.

# റിപ്പോർട്ട്

തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ സമീപ കാലത്ത് അണു ബാധമൂലവും അല്ലാതെയുമുണ്ടായ അസാധാരണമായ ശിശു മരണങ്ങളെ സംബന്ധിച്ച് പുറത്തുവന്ന വാർത്തകൾ സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ശ്രദ്ധയിൽ വരികയുണ്ടായി. ഇതിന് കാരണമായ സംഗതികൾ നേരിട്ട് മനസ്സിലാക്കുന്നതിനും ഭാവിയിൽ അവ പരിഹരിക്കുന്നതിന് കൈക്കൊള്ളേണ്ട നടപടികളെക്കുറിച്ചുള്ള വിശദാംശങ്ങൾ ചർച്ച ചെയ്യുന്നതിനായി 2007 മേയ് മാസം 10-ാം തീയതി സമിതി എസ്.എ.ടി. ആശുപത്രി സന്ദർശിക്കുകയും ആശുപത്രി സൂപ്രണ്ടുമായും സീനിയർ ഡോക്ടർമാരുമായും വിശദമായ ചർച്ചകൾ നടത്തുകയുമുണ്ടായി. സന്ദർശന വേളയിൽ സമിതി നേരിട്ട് മനസ്സിലാക്കിയതും ഡോക്ടർമാരുമായുള്ള ചർച്ചയിൽ ഉരുത്തി രിഞ്ഞതുമായ വസ്തുതകളും എസ്.എ.ടി. ആശുപത്രിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കേണ്ട നടപടികളും നിർദ്ദേശങ്ങളും സമിതിയുടെ ഈ പ്രത്യേക റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയായി രാജഭരണകാലം മുതൽ പ്രവർത്തിച്ചുവരുന്ന എസ്.എ.ടി. ആശുപത്രിക്ക് മികച്ച സേവനത്തിന്റേതായ ഒരു ഭൂതകാ ലമുണ്ട്. സേവനസന്നദ്ധരായ മികച്ച ഡോക്ടർമാർ അന്നും ഇന്നും ഈ സ്ഥാപന ത്തിന്റെ കൈമുതലാണ്. എന്നാൽ മാറിവരുന്ന സാഹചര്യങ്ങളിൽ ഈ ആശുപത്രിക്ക് ഇന്ന് ഈ സ്ഥാപനത്തെ കൂടുതലായി ആശ്രയിക്കുന്ന സമൂഹത്തിലെ ദുർബലജനവിഭാ ഗങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരാൻ സാധിക്കുന്നില്ലെന്നത് ഒരു വസ്തുതയാണ്. ആശുപത്രികളുടേയും ഡോക്ടർമാരുടേയും നിയന്ത്രണങ്ങൾക്കപ്പുറത്തുള്ള പല സംഗതി കളും ഇതിന് കാരണമാണെന്നതും വിസ്മരിച്ചുകൂടാ. സ്വകാര്യ ആശുപത്രികളിൽ ചികിൽസയിലുള്ള ശിശുക്കളെ അത്യാസന്ന നിലയിലെത്തുമ്പോൾ ഈ ആശുപത്രിയി ലേക്ക് റഫർ ചെയ്യപ്പെടുന്നതും എസ്.എ.ടി. ആശുപത്രിയിലെ ശിശുമരണനിരക്ക് ഉയരാൻ പലപ്പോഴും ഇടവരുത്തുന്നുണ്ടെന്നത് ഒരു വസ്തുതയാണ്. എങ്കിലും ആത്മാർത്ഥമായ ഒരു ശ്രമം സർക്കാരിന്റെയും ഡോക്ടർമാരുടേയും ജീവനക്കാരുടേയും സർവോപരി പൊതുജനങ്ങളുടേയും ഭാഗത്തുനിന്നുണ്ടായാൽ ഈ ആശുപത്രിയുടെ ഉജ്ജ്വലമായ ഗതകാല പാരമ്പര്യം വീണ്ടെടുക്കാൻ കഴിയുമെന്ന് സമിതി വിശ്വസിക്കുന്നു. ഇതിലേക്ക് സഹായകരമായ ചില നിർദ്ദേശങ്ങളും ശുപാർശകളും തുടർന്നുള്ള ഖണ്ഡികകളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

എസ്.എ.ടി. ആശുപത്രിയിലെ അണുബാധയ്ക്ക് പ്രധാനകാരണം ആശുപത്രിക്ക കത്തും പരിസര പ്രദേശങ്ങളിലുമുള്ള ശുചിത്വമില്ലായ്മയാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള സമിതിയുടെ ശുപാർശകൾ താഴെ കൊടുക്കുന്നു :

1. ആശുപത്രിയിലെ പ്രവർത്തന സംബന്ധമായുണ്ടാകുന്ന മാലിന്യം കെട്ടിക്കിടക്കാതെ അപ്പപ്പോൾ നിർമ്മാർജ്ജനം ചെയ്യേണ്ടത് ആശുപത്രിയു ടേയും പരിസരത്തിന്റേയും ശുചിത്വത്തിന് അത്യന്താപേക്ഷിതമാണ്. ഇത് ശരിയായരീതിയിൽ നടക്കുന്നുണ്ടോയെന്ന് ആശുപത്രി അധികൃതർ ഉറപ്പു വരുത്തേണ്ടതാണ്.

2. മാലിന്യ നിർമ്മാർജ്ജനം ഉറപ്പുവരുത്തുന്നതിനായി ആവശ്യമായ ജീവനക്കാരെ നിയമിക്കാനും ഒരു താല്കാലിക സംവിധാനമെന്ന നിലയിൽ സ്ത്രീക്ഷേമരംഗങ്ങളിൽ പ്രവർത്തിക്കുന്ന വോളന്ററി സംഘങ്ങളിൽ നിന്നും ആവശ്യാനുസരണം ശുചീകരണ ജോലിക്കാരെ നിയമിക്കാനുമുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3. രോഗികൾക്ക് കൂട്ടിരിപ്പായി വരുന്നവരുടെ ആധിക്യവും ആശുപത്രിയും പരിസരവും മലിനമാക്കുന്നതിന് കാരണമാണ്. ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ള സന്ദർശക നിയന്ത്രണവും ശുചീകരണത്തിൽ ഇപ്പോൾ പ്രദർശിപ്പിക്കുന്ന ശുഷ്കാന്തിയും മേൽനോട്ടവും പ്രശംസനീയമാണ്. ഇത് വീഴ്ച വരുത്താതെ തുടർന്നുകൊണ്ടു പോകുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം എന്ന് സമിതി അഭിപ്രായപ്പെടുന്നു.

4. എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗ് വിളിച്ചുചേർത്ത് ആശുപത്രി ശുചീകരണം ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും അവലോകനം ചെയ്യേണ്ടതും അവലോകന വിവരങ്ങളും സ്വീകരിച്ച തുടർനടപടികളും രേഖപ്പെടുത്തേണ്ടതും ആയത് ഉന്നതാധികാരികളുടെ ശ്രദ്ധയിൽകൊണ്ടുവരേണ്ടതുമാണ്. പ്രത്യേകിച്ച് ലേബർറൂം നന്നായി ശുചീകരിക്കണം എന്നും അണുബാധ ഇല്ല എന്ന് ഓരോ ദിവസവും ഉറപ്പുവരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

5. എസ്.എ.ടി. ആശുപത്രിയിലെത്തുന്ന രോഗികളുടേയും ഗർഭിണികളുടേയും എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. തിരുവനന്തപുരം നഗരത്തിൽതന്നെ പേരൂർക്കട ജില്ലാ ആശുപത്രി, ഫോർട്ട് ആശുപത്രി, നേമം ആശുപത്രി എന്നിവിടങ്ങളിൽ സ്ത്രീകളുടേയും കുട്ടികളുടേയും വിഭാഗം ശോചനീയാവസ്ഥയിലാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ആശുപത്രികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും വിദഗ്ധ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്താൽ തന്നെ എസ്.എ.ടിയിലെ തിരക്ക് വളരെയധികം കുറയ്ക്കാൻ സാധിക്കും. ഈ ആശുപത്രികൾ സുസജ്ജമാക്കി പ്രവർത്തിപ്പിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

6. വളരെയധികം വിസ്തൃതമായ കാമ്പസുള്ള ജനറൽ ആശുപത്രിയിൽകൂടി സ്ത്രീകളുടേയും കുട്ടികളുടേയും ഒരു വിഭാഗം കൂടി അനുവദിച്ച് പ്രവർത്തനമാരംഭിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

7. നേമത്തെ സർക്കാർ ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനായി കേരള ട്രാൻസ്പോർട്ട് ഡവലപ്മെന്റ് ഫൈനാൻസ് കോർപ്പറേഷൻ 2005–ൽ 30 ലക്ഷം രൂപ തിരുവനന്തപുരം കോർപ്പറേഷനെ ഏൽപ്പിച്ചിരുന്നതായി സമിതി നമസ്സിലാക്കുന്നു. എന്നാൽ ഇതുവരെയും ഈ തുകയിൽനിന്നും ഒരു രൂപ പോലും ആശുപത്രി വികസനത്തിനായി ചെലവാക്കിയിട്ടില്ല എന്നും അറിയുന്നു. ഇതേ രീതിയിൽ തന്നെ മറ്റു ചില ആശുപത്രികളുടേയും വികസനത്തിനായി ലഭിച്ച തുകകൾ വിനിയോഗിക്കപ്പെടാതെയിരി

ക്കുന്ന ഒരു സ്ഥിതിവിശേഷം നിലനിൽക്കുന്നു. ഇത് അക്ഷന്തവ്യമായ ഒരു അലംഭാവമാണെന്ന് സമിതി വിലയിരുത്തുന്നു. സർക്കാർ ആശുപത്രി കൾക്ക് വിവിധ ഏജൻസികളിൽനിന്നും സഹായമായി ലഭിക്കുന്ന തുക പ്രസ്തുത ആവശ്യത്തിനായി സമയബന്ധിതമായി പ്രയോജനപ്പെടുത്തുന്നു ണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

8. എസ്.എ.ടി. ആശുപത്രിയിലെ ഇപ്പോഴത്തെ ബഡ്സ്ട്രങ്ത് പതിറ്റാണ്ടു കൾക്ക്മുമ്പ് നിശ്ചയിക്കപ്പെട്ടതാണ്. അതുപോലെ ഇപ്പോഴത്തെ സ്ററാഫ് പാറേറൺ 1962-ൽ നിശ്ചയിച്ച പ്രകാരമാണ് ബഡ്സ്ട്രങ്ത് 1000 ആയി വർദ്ധിപ്പിക്കാനും സ്ററാഫ് പാറ്റേൺ അടിയന്തിരമായി പുനർനിശ്ചയിക്കാനു മുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് താഴെപ്പറയുന്ന കാര്യങ്ങൾകൂടി നടപ്പിലാക്കേ ണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

9. എസ്.എ.ടി. ആശുപത്രിയിൽ ഡോക്ടർമാരുടെ നിയന്ത്രണം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർമാർക്കും നഴ്സുമാരുടെയും മറ്റ് അനുബന്ധ ജീവനക്കാരുടെയും നിയന്ത്രണം ഹെൽത്ത് സർവ്വീസസ് ഡയറക്ടർക്കുമാണ് വളരെക്കാലമായി നിലനിൽക്കുന്ന ഈ ദ്വിതല നിയന്ത്രണ സംവിധാനം ആശുപത്രിയിലെ അച്ചടക്കത്തിന് വിഘാതമായിരിക്കുകയാണ്. അടിയന്തിര മായി ഈ ദ്വിതല നിയന്ത്രണ സംവിധാനം ഒഴിവാക്കി എസ്.എ.ടി.യിലെ എല്ലാ ജീവനക്കാരെയും ഡി.എം.ഇ.യുടെ അധികാര പരിധിയിൻകീഴിൽ കൊണ്ടുവരാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

10. എസ്.എ.ടി. ആശുപത്രിക്ക് സെൻട്രൽ പർച്ചേസ് കമ്മിറ്റി മുഖേന അലോട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെയും ഉപകരണങ്ങളുടെയും ഗുണനിലവാരം പല പ്പോഴും പരിതാപകരമാണ് എന്നാണ് മനസ്സിലാക്കുന്നത്. പല കമ്പനികളും അലോട്ട്മെന്റ് പ്രകാരം നൽകേണ്ട മരുന്നു നൽകാതിരിക്കുന്ന സ്ഥിതിവിശേഷം പോലും അനുഭവപ്പെടുന്നതായി അറിയുന്നു. നിലവാരമുള്ള മരുന്നുകളും ഉപകരണങ്ങളും ആവശ്യാനുസരണം ആശുപത്രിക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. അതോടൊപ്പം മരുന്നു നൽകുന്നതിൽ വീഴ്ച വരുത്തുന്നതും ഗുണനിലവാരമില്ലാത്ത മരുന്നു നൽകുന്നതുമായ കമ്പനി കൾക്ക് തുടർന്നുള്ള വർഷങ്ങളിൽ ഓർഡറുകൾ നൽകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

11. ദിനംപ്രതി ആയിരക്കണക്കിന് രോഗികളെത്തുന്ന എസ്.എ.ടി ആശുപത്രി യുടെ ഭരണ നിർവ്വഹണം കൂടി നിക്ഷിപ്തമായിരിക്കുന്ന ആശുപത്രി സൂപ്രണ്ടിന് ഇപ്പോൾ അനുവദിച്ചിരിക്കുന്ന ഓഫീസ് സൗകര്യങ്ങൾ പരിമിത മാണ്. ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റിനെ നിയമിച്ചിട്ടില്ലാത്തതിനാൽ ക്ലറിക്കൽ ജോലികൾകൂടി ഈ വലിയ ആശുപത്രിയുടെ സൂപ്രണ്ട് നിർവഹി ക്കേണ്ട അവസ്ഥയാണ് ഇന്നുള്ളത്. കമ്പ്യൂട്ടർ സൗകര്യത്തോടെ കുറെക്കൂടി സ്ഥലസൗകര്യമുള്ള ഒരു ഓഫീസ് മുറി സൂപ്രണ്ടിന് ലഭ്യമാ ക്കേണ്ടതാണെന്നും ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റിനെ നിയമിച്ചു നൽകേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

12. എസ്.എ.ടി. ആശുപത്രി കാമ്പസിൽ നിർമ്മാണത്തിലിരിക്കുന്ന ഗോൾഡൻ ജൂബിലി ബ്ലോക്ക് ഇപ്പോൾ വിഭാവന ചെയ്തിട്ടുള്ള മൂന്നുനില കെട്ടിടം എന്നതിനുപകരം ആറുനിലയിൽ നിർമ്മിക്കുകയാണെങ്കിൽ ആശുപത്രിയിലെ സ്ഥലസൗകര്യങ്ങൾ കുറെകൂടി വർദ്ധിപ്പിക്കുന്നതിന് വളരെയധികം സഹായകരമായിരിക്കുമെന്നതിനാൽ ഇക്കാര്യം പരിഗണിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

13. എസ്.എ.ടി. ആശുപത്രിയിലെ ലേബർ വാർഡുകളിൽ പ്രസവിക്കാനെത്തുന്ന പാവപ്പെട്ട സ്ത്രീകളോട് പലപ്പോഴും ജീവനക്കാർ മനുഷ്യത്വരഹിതമായി പെരുമാറുന്നുവെന്ന പരാതികൾ വളരെക്കാലമായി ഉയർന്നു വരുന്നതാണ്. ഈ പരാതികളിൽ മിക്കവയും യഥാർത്ഥവുമാണ്. പൂർണ ഗർഭിണികളായ സ്ത്രീകളോട് അനുകമ്പയോടുകൂടിയും സ്നേഹത്തോടെയും പെരുമാറാതിരിക്കുന്നത് തികഞ്ഞ സംസ്കാരരാഹിത്യമാണെന്ന് സമിതി വിലയിരുത്തുന്നു. ഈ സ്ഥിതിവിശേഷം യാതൊരു കാരണവശാലും അനുവദിക്കാൻ പാടില്ല. ലേബർ വാർഡുകളിലും റൂമുകളിലും എല്ലാ ഗർഭിണികൾക്കും പ്രത്യേക ശ്രദ്ധ ലഭിക്കുന്ന രീതിയിൽ ജീവനക്കാരെ വിന്യസിക്കുകയും ഗർഭിണികളോട് നല്ല നിലയിൽ പെരുമാറാൻ ഇവിടെ നിയോഗിക്കുന്ന ജീവനക്കാർക്ക് ബോധവൽക്കരണം നടത്തുകയും ചെയ്യേണ്ടത് അനിവാര്യമാണ്. സീനിയർ ഡോക്ടർമാർക്ക് ഇക്കാര്യത്തിൽ മഹത്തായ ഒരു ചുമതലയാണ് നിർവഹിക്കാനുള്ളതെന്നും സമിതി ഓർമ്മിപ്പിക്കുന്നു.

---